റൗഡി ലിസ്റ്റിൽ ഉണ്ടായിരിക്കുന്നവരെ പോലീസിൽ നിയമിച്ച നടപടി

98(839) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ പേരുണ്ടായിരുന്ന ജയപ്രകാശ്, ഷാജി എന്നിവരെ പോലീസിലേക്ക് റിക്രൂട്ട് ചെയ്യുകയും ഇതേ സ്റ്റേഷനിൽതന്നെ നിയമനം നൽകുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇവരെ റൗഡി ലിസ്റ്റിൽപ്പെടുത്തുവാനുള്ള സാഹചര്യം എന്താണ്;

(സി) ഇവരെ പോലീസിലേക്ക് റിക്രൂട്ട് ചെയ്യുമ്പോൾ ഇവരുടെ പേരിൽ എത്ര കേസുണ്ടായിരുന്നു;

(ഡി) ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്;

(ഇ) പോലീസിലേക്ക് റിക്രൂട്ട് ചെയ്യുന്നതിന് സൽസ്വഭാവ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നുവോ;

(എഫ്) എങ്കിൽ ഈ സർട്ടിഫിക്കറ്റ് ഇവർക്ക് നൽകിയതാരാണ്;

(ജി) ഇവർ രണ്ടുപേരും ഇപ്പോഴും ഈ സ്റ്റേഷനിൽ ജോലി ചെയ്യുന്നുണ്ടോ?

ഉത്തരം

(എ) എസ്.എ.പി. യിലെ അംഗങ്ങളായ ജയപ്രകാശ്, ഷാജി എന്നീ പോലീസുകാരെ പ്രത്യേക നിയമ സമാധാന ഡ്യൂട്ടിയായി എഴുകോൺ പോലീസ് സ്റ്റേഷനിൽ താൽക്കാലികമായി നിയോഗിക്കുകയുണ്ടായി.

(ബി) മേൽപ്പറഞ്ഞ പോലീസുകാർ എഴുകോൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.114/94 എന്ന കേസിൽ പ്രതികളായിരുന്നതിനാലാണ് ഇവരെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) കേസുകൾ ഒന്നും നിലവിലുണ്ടായിരുന്നില്ല.

(ഡി) ക്രൈം നമ്പർ 114/94-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെ 30.1.97-ൽ കോടതി വെറുതെ വിട്ടു.

(ഇ) ആവശ്യമാണ്.

(എഫ്) കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടന്റ്.

(ജി) ഇല്ല.

അഭിഭാഷകനെ ആക്രമിച്ച സംഭവം

99(840) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബാറിലെ അഭിഭാഷകനായ ശ്രീ. ഇ. സുഭാഷിനെ ആക്രമിച്ച കേസിൽ തെളിവില്ലെന്ന കാരണത്താൽ അത് എഴുതിത്തള്ളണമെന്ന് ബന്ധപ്പെട്ട പോലീസ് അധികാരികൾ കോടതിയെ അറിയിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly